**ആഗമനകാലം രണ്ടാം ഞായർ**

**ലൂക്കാ 1:26-38**

## യേശുവിന്റെ ജനനാറിയിപ്പ്

റവ.ഡോ. ജോസഫ് ചാക്കോ

ലൂക്കായുടെ സുവിശേഷമനുസരിച്ച് 1:26-38 യേശുവിന്റെ ജനനാറിയിപ്പാണ്. പ്രധാനമായി അഞ്ചു കാര്യങ്ങളാണ് ഇതിൽ സൂചിപ്പിക്കുന്നത്. 1. യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ മറിയത്തെ പരിചയപ്പെടുത്തുന്നു (1:26-27). 2. മറിയത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. ദൈവം തന്റെ ദൂതൻ വഴി അതറിയിക്കുന്നു (1:28-31). 3. മറിയത്തിൽ നിന്നും ജനിക്കുന്ന യേശുവിന്റെ പൊതുവായ രൂപം വ്യക്തമാക്കുന്നു (1:31-34). 4. മറിയത്തിന്റെ സംശയവും മറുപടിയും (1:35-37). 5. മറിയത്തിന്റെ സമ്മതം (1:38).

ഒരു കഥയുടെ തുടർച്ചയെന്ന പോലെ ലൂക്കാ മറിയത്തെ പരിചയപ്പെടുത്തുന്നു. സക്കറിയായുടെയും എലിസബത്തിന്റെയും കഥ പറഞ്ഞ് യോഹന്നാന്റെ ജനനവിവരം അറിയിച്ചതിനുശേഷം (1:5-25) ആറാം മാസം എന്നു പറഞ്ഞ് ലൂക്കാ സുവിശേഷകൻ തന്റെ വിവരണം തുടരുന്നു. സക്കറിയായോടു സ്നാപകന്റെ ജനനവാർത്ത അറിയിക്കാൻ നിയോഗിക്കപ്പെട്ട ഗബ്രിയേൽ തന്നെയാണ് ഇവിടെയും ദൈവത്തിന്റെ നിയോഗവുമായി എത്തുന്നത്. മറിയത്തിന്റെ കുലവും വംശവും പ്രത്യേകം പറയുന്നു. ദൂതൻ ദൈവത്താൽ അയക്കപ്പെട്ടു എന്നു പ്രത്യേകം പറയേണ്ടതില്ലെങ്കിലും വിവരണത്തിന്റെ ശക്തിക്കുവേണ്ടി ദൈവത്താൽ അയക്കപ്പെട്ടു എന്ന് പ്രത്യേകം പറയുന്നു. മാത്രമല്ല മറിയം എന്നായിരുന്നു കന്യകയായ പെൺകുട്ടിയുടെ പേര് എന്നും പ്രത്യേകം പറയുന്നുണ്ട്. ദൈവത്തിന്റെ പ്രത്യേക പരിഗണനയുടെ ഫലമായാണ് ഈ തെരഞ്ഞെടുപ്പെന്ന് സൂചിപ്പിക്കാനാണിത്.

യേശുവിന്റെ അമ്മയാകാൻ വിളിക്കപ്പെടുന്ന മറിയം എന്ന കന്യക ആരാണെന്ന് ലൂക്കാ സുവിശേഷകൻ പരിചയപ്പെടുത്തുന്നതാണ് രണ്ടാമതായി പറയുന്ന കാര്യം. മറിയത്തെ 'ദൈവകൃപ നിറഞ്ഞവൾ' എന്നു വിളിച്ചാണ് ദൂതൻ സംബോധന ചെയ്യുന്നത്. ദൈവത്തിന്റെ നിരന്തര സാന്നിധ്യം മറിയത്തിൽ ഉണ്ടെന്നും അവൾ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയവളുമാണ് എന്നു പറയുന്നു. ദൈവവരപ്രസാദം നിറഞ്ഞവളും ദൈവത്തിൽ വരപ്രസാദം കണ്ടെത്തിയവളുമാണ് മറിയം. ഒരേ കാര്യം ഇരുപ്രാവശ്യം പറയുന്നത് ദൈവവുമായി മറിയത്തിനുള്ള അടുത്ത ബന്ധം സൂചിപ്പിക്കാണ്. ദൂതൻ വീണ്ടും പറയുന്നു, പരിശുദ്ധാത്മാവ് മറിയത്തിൽ പ്രവർത്തിക്കും. പ്രപഞ്ച സൃഷ്ടികർമ്മത്തിൽ ജലത്തിനുമീതെ പ്രവർത്തിച്ചതും തുടർന്ന് പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും പ്രവർത്തിച്ച ആത്മാവ് ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിന്റെ ഭാഗമായി ഇപ്പോൾ മറിയത്തിലും പ്രവർത്തനനിരതമാകുന്നു. ആത്മാവിന്റെ ഈ പ്രവർത്തനത്തെ തുടർന്നും ശക്തമായി പ്രഖ്യാപിക്കാനാണ് 'അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും' എന്ന് വീണ്ടും പറയുന്നത്. ആത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചും രണ്ടു പ്രാവശ്യം പറയുന്നുണ്ടെന്നുള്ളതും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ദൈവകൃപയാലും ദൈവിക നന്മകളാലും ആത്മാവിന്റെ ശക്തിയാലും നിറഞ്ഞ കന്യകയാണ് മറിയം എന്ന് ദൂതൻ വഴി ലോകത്തിനു വെളിപ്പെടുന്നു.

എന്നാൽ മറിയത്തിന്റെ സാധാരണത്വം കൈവെടിയാതെ സൂക്ഷിക്കാനുള്ള സുവിശേഷകന്റെ വൈഭവം ഇവിടെ ദൃശ്യമാണ്. ദൈവത്താൽ നിറഞ്ഞവളാണെങ്കിലും തന്റെ മാനുഷികഭാവത്തെ അവൾ കൈവെടിഞ്ഞില്ലെന്നും തികച്ചും മാനുഷികമായിരുന്നു അവളുടെ മനസ്സെന്നും സൂചിപ്പിക്കുന്നതാണ് മറിയത്തിന്റെ സംശയങ്ങൾ. ദൈവദൂതന്റെ വചനങ്ങൾ കേട്ട് മറിയം അസ്വസ്ഥയാവുകയും എന്തിനാണ് ഇപ്രകാരം സംബോധന ചെയ്തതെന്ന് ചിന്തിക്കുകയും ചെയ്തു. താൻ കേട്ടിട്ടുള്ളിടത്തോളം ദൈവിക ഇടപെടലുകൾ പലപ്പോഴും ദൈവം ഏല്പിക്കുന്ന ദൗത്യത്തിന്റെ അടയാളമോ ആരംഭമോ ആയതിനാലാണ് അപ്രകാരം ചോദിക്കേണ്ടി വരുന്നത്. ദൈവത്തിന്റെ ഇടപെടൽ എന്നതിനാലായിരിക്കണം മറിയം

അസ്വസ്ഥയായതും. വീണ്ടും മാനുഷികവും സ്വാഭാവികവുമായ ഒരു സംശയം കൂടി മറിയത്തിനുണ്ടാകുന്നതായി കാണാം. "ഇതെങ്ങനെ സംഭവിക്കും ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്നു ചോദിക്കാൻ മറിയത്തെ പ്രേരിപ്പിച്ചത് അതായിരിക്കാം. തദനുസാര സംശയങ്ങൾ പഴയ നിയമത്തിലും നേരത്തെ വിവരിച്ച സക്കറിയായുടെ കാര്യത്തിലും ഉണ്ട്. സക്കറിയ ശിക്ഷിക്കപ്പെട്ടെങ്കിലും സക്കറിയായുടെയും എലിസബത്തിന്റെയും ദൈവാനുഗ്രഹം മറിയത്തിന് തെളിവായി നല്കുകയാണ് ദൈവം.

മറിയത്തിൽ നിന്നും ജനിക്കാൻ പോകുന്ന ശിശു ആരാണെന്ന് ലൂക്കാ ഇതിനിടെ ഒരു ലഘുവിവരണത്തോടെ വെളിപ്പെടുത്തുന്നു. ദാവീദിന്റെ സിംഹാസനത്തിൽ, യാക്കോബിന്റെ ഭവനത്തിൽ ഭരണം നടത്താനുള്ളവൻ, അത്യുന്നതന്റെ പുത്രൻ, ദൈവപുത്രൻ, ആത്മാവിനാൽ നിറഞ്ഞ പരിശുദ്ധൻ, ഐഹികമല്ലാത്ത രാജ്യത്തിന്റെ ഉടമ എന്നീ നിലകളിൽ അറിയപ്പെടാനുള്ളവനാണ് ഈ ശിശു. അവന്റെ പേര് യേശു എന്നായിരിക്കണം.

ദൈവകൃപയാൽ നിറഞ്ഞവളും വരപ്രസാദ പൂരിതയുമായ മറിയത്തിന് ദൈവദൂതന്റെ വാക്കുകളെ അവിശ്വസിക്കാൻ കഴിയുമായിരുന്നില്ല. ഏലീശ്വായുടെ കാര്യം കേട്ട അവൾ ദൂതനിൽ നിന്ന് കേട്ട വചനം... ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന വചനം... മതിയായിരുന്നു തന്റെ മനസ്സറിയാൻ. അവൾ പറഞ്ഞു, "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." അതെ, ദൈവത്തിന് എല്ലാം സാധ്യമാണെങ്കിലും ദൈവകൃപ നിറഞ്ഞ മനുഷ്യരുടെ സമ്മതം അവിടന്ന് ആഗ്രഹിക്കുന്നു.

– ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ പങ്കുചേരാൻ മറിയത്തിന്റെ മനോഭാവം, സ്വഭാവം ഉണ്ടാകണം.

– മറിയത്തെ പോലെ പ്രതികൂലാനുഭവങ്ങളിലും ദൈവപദ്ധതി കണ്ടെത്താൻ സഹകരിച്ചു പ്രവർത്തിക്കണം.

– ജീവിതാനുഭവങ്ങളിൽ കടന്നുവരുന്ന സംശയങ്ങളെ ദൈവപദ്ധതിയിലുള്ള വിശ്വാസത്തിന്റെ കണ്ണുകളിലൂടെ കണ്ട് നിവാരണം നടത്തണം.

– രക്ഷകനായ യേശുവിനെ ജീവിതത്തിന്റെ ഭാഗമായി സ്വീകരിച്ച് വളർത്താൻ ശ്രമിക്കണം.